കേരള സാഹിത്യ അക്കാദമി
തൃശൂർ

# ഇത് ചെറുകഥയുടെ വസന്തകാലം
## പി.എൻ.പ്രകാശ്

തൃശൂർ : മലയാളഭാഷയിലിപ്പോൾ നിറഞ്ഞുനിൽക്കുന്നത് ചെറുകഥയാണെന്നും ചെറുകഥയുടെ വസന്തകാലമാണിതെന്ന് നിസ്സംശയം പറയാമെന്നും പി.എൻ.പ്രകാശ് പറഞ്ഞു. കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെ ഭാഗമായി നടന്ന പുസ്തകപ്രകാശനച്ചടങ്ങിൽ അധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

സാറാ ജോസഫിന്റെ കഥാസമാഹാരമായ 'അശോക' രാവുണ്ണി പ്രകാശനം ചെയ്തു. കെ.വി. ബേബി പുസ്തകം സ്വീകരിച്ചു. കെ.ടി.ഷാഹുൽ ഹമീദിന്റെ 'സ്പ്രിങ് സമ്മർ ഫോൾസ് വിന്റർ ഏന്റ് സ്പ്രിങ്' (കഥകൾ) ഐ.ഷൺമുഖദാസിന് നൽകി ഡോ.അജിതൻ മേനോത്ത് പ്രകാശനം ചെയ്തു. സൈമൺ ബ്രിട്ടോയുടെ 'ചന്ദ്രന്റെ മാളിക' എന്ന നോവൽ കെ.വി.ബേബി ഡോ.പി.വി. പ്രകാശ് ബാബുവിന് നൽകി പ്രകാശനം നിർവഹിച്ചു. ഇടത് രാഷ്ട്രീയത്തിനകത്തെ കാര്യങ്ങളെക്കുറിച്ച് ആത്മവിമർശനം ഈ കൃതിയിലുണ്ടെന്ന് പ്രകാശ് ബാബു പറഞ്ഞു. പാരിസ്ഥിതികപ്രശ്നങ്ങളിലേക്ക് ശ്രദ്ധയൂന്നാനും ഈ രചനക്ക് കഴിഞ്ഞിട്ടുണ്ട്. ലിസിയുടെ ചെറുകഥാസമാഹാരം 'ബോറിബന്തറിലെ പശു' രാവുണ്ണിക്ക് നൽകി ഐ.ഷൺമുഖദാസ് പ്രകാശനം ചെയ്തു. കെ.ടി. ഷാഹുൽ ഹമീദ്, കെ.വി.തോമസ് എന്നിവർ സംസാരിച്ചു.

രാവിലെ നടന്ന ലളിതഗാനമത്സരത്തിൽ പ്ലസ് റ്റു തലത്തിൽ കെ.സി.അർജ്ജുൻ ഒന്നാംസ്ഥാനവും പാർവതി മോഹൻ എ. രണ്ടാംസ്ഥാനവും എയ്ഞ്ചൽ ആന്റോ, ലിസ്മ മോഹൻ പി. എന്നിവർ മൂന്നാംസ്ഥാനവും നേടി. കോളേജുതലമത്സരത്തിൽ ജോയ്സ് സുരേന്ദ്രൻ ഒന്നാംസ്ഥാനവും ആതിര പി.ടി. രണ്ടാംസ്ഥാനവും അഹ്നിത പി.എസ്. മൂന്നാംസ്ഥാനവും നേടി.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

തൃശൂർ
03.04.2017

കേരള സാഹിത്യ അക്കാദമി
തൃശൂർ

# ഇന്നത്തെ പരിപാടി (04.04.2017)

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവം. രാവിലെ പത്തിന് കവിതാലാപാനമത്സരം. അഞ്ചിന് സെമിനാർ : എഴുത്ത് സമൂഹം സ്ത്രീ. അധ്യക്ഷത : ബി.എം.സുഹ്റ. മുഖ്യപ്രഭാഷണം : സുജ സൂസൻ ജോർജ്. ഏഴിന് നാടകം : വഴുതന. രചന, സംവിധാനം : കെ. വി.ഗണേഷ്. അവതരണം : ഒറ്റപ്പാലം സിഎൻഎൻ നാടകവേദി.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി

തൃശൂർ
03.04.2017